NORTH AMERICAN CHURCH OF GOD (INDIA) FELLOWSHIP
# NACOG Voice
Theme: "Prepare to meet thy God" July 19 - 22, 2012
Vol. 1 Issue: 1 2011 Nov. - Dec.

## നിന്റെ ദൈവത്തെ എതിരേല്പ്പാൻ ഒരുങ്ങിക്കൊൾക

നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് (ഇന്ത്യാ) ഫെലോഷിപ്പിന്റെ 17-ാമതു സമ്മേളനം ന്യൂജഴ്സിയിൽ വെച്ച് 2012 ജൂലൈ 19 മുതൽ 22 വരെയുള്ള തീയതികളിൽ നടത്തുവാൻ നാഷണൽകമ്മറ്റി തീരുമാനിച്ചു. വിശാലമായ റാഡ്ഡിസൺ ഹോട്ടലാണ് സമ്മേളനത്തിനുവേണ്ടി ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ 16 സമ്മേളനങ്ങളും അനുഗ്രഹപ്രദമായ നിലയിൽ നടത്തിതരുവാൻ ദൈവം കൃപനൽകി. പതിനേഴാമതു സമ്മേളനവും വളരെ അനുഗ്രഹിക്കപ്പെട്ട നിലയിൽ നടത്തി തരുവാൻ സർവ്വശക്തൻ കൃപനൽകും. വളരെ അനുഗ്രഹിക്കപ്പെട്ടതും കാലത്തിന് അനുസൃതമായ ഒരു ചിന്താവിഷയമാണ് സമ്മേളനത്തിനു തിരഞ്ഞെടുത്തിരിക്കുന്നത്. ആമോസ് 4:12 ആസ്പദമാക്കിയുള്ള തീം എല്ലാവർക്കും സ്വയശോധനയ്ക്കും, കർത്താ



പാസ്റ്റർ പി.വി.മാത്യു,
*പ്രസിഡന്റ്*

വിനെ എതിരേല്പ്പാൻ ഉള്ള ഒരുക്കത്തിനായും ഭവിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. (" നിന്റെ ദൈവത്തെ എതിരേല്പ്പാൻ ഒരുങ്ങിക്കൊൾക") . ദൈവസഭകളുടെ നോർത്ത് അമേരിക്കയിലും കാനഡായിലും ഉള്ള എല്ലാ സഭകളുടേയും ഒന്നിച്ചുള്ള ഈ ആത്മീക സംഗമത്തിലേക്കു എല്ലാ ദൈവദാസന്മാരേയും വിശ്വാസികളേയും സ്വാഗതംചെയ്യുന്നു. ഈ സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി ഏവരുടേയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. 17-ാമതു ദേശീയ സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിലേക്കു നാഷണൽ, ലോക്കൽ തലങ്ങളിൽ നിന്നും വിവിധ കമ്മറ്റികളെ തിരഞ്ഞെടുക്കുകയുണ്ടായി. പൊതുസമ്മേളനം കൂടാതെ യൂത്ത്, ലേഡീസ്, ചിൽഡ്രൻസ് എന്നീ വിഭാഗങ്ങളിലും പ്രത്യേകം പ്രത്യേകമായി നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. വളരെ മിതമായ രീതിയിൽ ഭക്ഷണ ക്രമീകരണം ചെയ്തിട്ടുണ്ട്. പ്രീ രജിസ്ട്രേഷൻ കൂടുതൽ ആനുകൂല്യം ലഭിക്കുന്നതാണ്. ഐക്യതാ മനോഭാവത്തോടുനിന്ന് ഇതിലെ എല്ലാ കമ്മറ്റി അംഗങ്ങളും ആത്മാർത്ഥമായി പ്രവർത്തിച്ചു ആത്മനിറവിൽ ഉള്ള സമ്മേളനമായി തീരുവാൻ ദൈവം സംഗതിയാകട്ടെ.

## Invitation from National Secretary



The 17th national conference will beheld, God willing, July19–22,2012 in Piscataway, NJ. The national and local leadership team met at the Radisson Hotel, our selected venue for 2012 fellowship, October 01, 2011. During this session, the local and national team worked together on several facets of the conference and finalized many aspects. Both teams continue their efforts to finalize the remaining aspects. The selected theme for the conference is based on the 12th verse of Amos, fourth chapter, "Prepare to meet thy God". The national prayer coordinator, Pastor Mathai Samkutty, will setup a prayer line, effective January 2012, whereby all of us have the opportunity to intercede in prayer. Additional details will be provided to all the churches as we get closer to January 2012. Our web site, www.nacog.net, will also be a valuable resource for all. In addition to emails, and letters, our web site will be updated with the most recent information, including the prayer line information. We request your prayers for the conference. Our fellowship should be one that glorifies our Master and one strengthens our walk with Him. We also ask of you to start making arrangements to be in attendanceThursday

Contact No: Pr. P. V. Mathew - 917-838-7276
Bro. Finoy Johnson - 972-623-7558

## ഒരുക്കത്തോടെ കാത്തിരിക്കാം (ആമോസ് 4:12)



പാസ്റ്റർ സി.എ.ജോസഫ്,
വൈസ് പ്രസിഡന്റ്

കർത്താവ് വരാൻ താമസിച്ചാൽ 17-ാമത് നാഷണൽ കോൺഫറൻസ് ന്യൂജേഴ്സിയിൽ വെച്ച് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുകയാണല്ലോ. കോൺഫറൻസിന്റെ അനുഗ്രഹത്തിനുവേണ്ടി എന്നും സമയം വേർതിരിച്ച് കുടുംബമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ദൈവസഭ ഒരു കുടുംബമാണ്. നമുക്ക് ഒന്നിച്ച് ഐക്യമായി പ്രാർത്ഥിക്കാം. കർത്താവിന്റെ വരവിങ്കൽ കുഞ്ഞാടിന്റെ കാന്തയായി പോകാൻ നമുക്ക് ഒരുങ്ങാം. കുഞ്ഞാടിന്റെ കാന്തയായി പോകണമെങ്കിൽ- രക്ഷിക്കപ്പെടണം, വിശ്വാസസ്നാനം സ്വീകരിക്കണം, പരിശുദ്ധാത്മാഭിഷേകം നാം പ്രാപിക്കണം, വിശുദ്ധ വിശുദ്ധജീവിതം ഉണ്ടായിരിക്കണം (1.തെസ്സ.4:3). ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കണം (റോമ. 12:1-2). ഇത് ദുഷ്കാലമാകയാൽ വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ച വിശ്വാസത്തിനുവേണ്ടി പോരാടി സമയത്തെ തക്കത്തിൽ ഉപയോഗിക്കണം. നമ്മുടെ കോൺഫറൻസിൽ ദൈവവചനത്തിന് പ്രാധാന്യം കൊടുക്കാനാണ് എല്ലാവരുടെയും ആഗ്രഹം.

ദൈവവചനത്തിന്റെ രചനയുടെ കാലവും ദൈർഘ്യവും അത്ഭുതകരമാണ്. ഏകദേശം 1600 വർഷങ്ങൾകൊണ്ട് വ്യത്യസ്തങ്ങളായ വിദ്യാഭ്യാസ, സാംസ്കാരിക, സാമ്പത്തിക, സാമൂഹിക പരിസ്ഥിതികളിലുള്ള നാൽപ്പതോളം എഴുത്തുകാരാണ് തിരുവചന രചന പൂർത്തിയാക്കിയത്. ബൈബിളിലെ 66 പുസ്തകങ്ങളിലുള്ള കേന്ദ്രകഥാപാത്രം യേശുക്രിസ്തുവും, വേദപുസ്തകത്തിലെ കാതലായ വിഷയം വീണ്ടെടുപ്പും യേശുക്രിസ്തുവിന്റെ ജനനവും മരണവും ഉയിർപ്പും തേജസ്കരണവും കർത്താവിന്റെ രണ്ടാമത്തെ വരവും ആണ് (ലൂക്കൊ. 24:44 ശ്രദ്ധിക്കുക). നമ്മുടെ കർത്താവിനെക്കുറിച്ച് പ്രവാചകപുസ്തകത്തിലും സങ്കീർത്തനത്തിലും എല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്.

ലോകത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നു എന്ന ബഹുമതി വേദപുസ്തകത്തിന് അല്ലാതെ മറ്റൊന്നിനും ഇല്ല. ഈ ലോകത്തിൽ മനുഷ്യജീവിതത്തെ ഇത്രയധികം സ്വാധീനിച്ചിട്ടുള്ള മറ്റൊരു ഗ്രന്ഥവും ഇല്ല. ചന്ദ്രനിൽ ഇറങ്ങിയ ബഹിരാകാശ സഞ്ചാരികളും തങ്ങളുടെ പക്കൽ വേദപുസ്തകം സൂക്ഷിച്ചിട്ടുണ്ടായിരുന്നു. എല്ലാ തിരുവെഴുത്തും ദൈവശ്വാസിയാമാണെന്ന് ബൈബിൾ പറയുന്നു.

ദൈവവചനത്തിലെ പ്രധാന വിഷയവും ദൈവമക്കളുടെ പ്രത്യാശയും ആയ കർത്താവിന്റെ രണ്ടാമത്തെ വരവ് അധികം താമസിയാതെ നടക്കും എന്ന് നാം ഓർത്തിരിക്കണം. ഇനിയും ലോകത്തിൽ നടക്കാൻപോകുന്ന ഏറ്റവും വലിയ മഹൽ സംഭവം കർത്താവിന്റെ രണ്ടാമത്തെ വരവാണ്. അതിനു മുമ്പായി നമ്മൾ ഏറ്റെടുത്തിരിക്കുന്ന ചുമതലകളെ വിശ്വസ്തതയോടെ നിറവേറ്റാം. പ്രാർത്ഥനയോടെ സമർപ്പണത്തോടെ അർത്ഥപൂർണ്ണമായ അവസ്ഥയിലേക്ക് നമ്മുടെ ചുമതലകളെ നമുക്ക് ചെയ്തുതീർക്കാം. അമൂല്യമായ അവസരമാണ് സമയമെന്നത്.

സമയം നഷ്ടപ്പെടുത്തരുത്. പ്രവർത്തനങ്ങൾ പ്ലാൻചെയ്ത് നിർവഹിക്കുക. ധൃതി കൂട്ടേണ്ട കാര്യമില്ല. ചെയ്യേണ്ട കാര്യങ്ങളെ മുമ്പിൽ കണ്ടുകൊണ്ട് പ്രാർത്ഥനയോടെ ക്രമീകരിക്കുക. എഴുത്ത് എഴുതരുത് കമ്പിയടിക്കുക എന്ന് എവിടെയോ വായിച്ചത് ഓർക്കുന്നു. എന്നാൽ എനിക്കു പറയാനുള്ളത് കമ്പിയടിക്കരുത്, എഴുത്ത് എഴുതുക എന്നുവെച്ചാൽ സമയം എടുത്ത് പ്രാർത്ഥനയോടെ മുന്നേറുക. ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിട്ടുള്ള വ്യക്തികൾ അധികം സമയം ദൈവസന്നിധിയിൽ സമയം ചിലവഴിച്ചവരാണ്. നമ്മുടെ കർത്താവിന്റെ ജീവിതം സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് തന്റെ പിതാവിങ്കൽ നിന്ന് കേട്ടതും പ്രാപിച്ചതും ആണ് ശിഷ്യന്മാർക്കും താൻ കൊടുത്തത്.

സ്കൂളിൽ പോകാൻ സമയം വൈകിയ കുട്ടി സമയത്തിന് സ്കൂളിലെത്തുവാൻ ദൈവത്തിന്റെ സമയം ചോദിച്ച് ഓടിക്കിതച്ച് ഇടറി വീണു ശ്വാസം കിട്ടാതെ അവൻ പറഞ്ഞു, ദൈവമേ എന്നെ സഹായിക്കാനാണ് ഞാൻ പറഞ്ഞത്. എന്നെ എന്തിനാണ് ഉന്തിത്തള്ളിയിട്ടത്? നമ്മുടെ ഉത്തരവാദിത്തങ്ങൾ നമ്മെ ഉന്തിത്തള്ളിയിടരുത്. നാം ചെയ്യേണ്ട കാര്യങ്ങൾ ചെയ്താൽ ദൈവം ചെയ്യേണ്ടിയവ ദൈവം ചെയ്യും. അതുകൊണ്ട് സമയത്തെ തക്കത്തിൽ ഉപയോഗിച്ച് നമ്മുടെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കൊൾക! ഒരുങ്ങിക്കൊൾക!!ഒരുങ്ങിക്കൊൾക!!!!



# From National Treasurer



**Varghese Varghese**
National Treasurer

I want to invite you all to the 17th North American Church of God Conference in the Garden State of New Jersey. The executive committee along with the local committee are working hard for the blessing of our upcoming conference. We anticipate a great revival, where many will come to know the Lord, and a mighty outpouring of the Holy Spirit would prevail. It is my distinct honor to serve as the next National Treasurer and I am in need of your great support as well as your prayer. My only hope and prayer is that all across North America, the Church of God churches would come together in unity on July 19th through the 22nd of 2012 to experience the awesome power of God! My humble request as the next Treasurer is that you come to this conference as well as give cheerfully and willingly to the extension of his kingdom.



# സംഘടനാബലം കാണിക്കുവാൻ ആകരുത് ആത്മീകസമ്മേളനങ്ങൾ



**പാസ്റ്റർ പി.പി.കുര്യൻ**
പബ്ലിക്കേഷൻ കോർഡിനേറ്റർ

പെന്തക്കോസ്തു വിഭാഗങ്ങൾക്ക് ആവശ്യത്തിലുമധികം കൺവെൻഷനുകളും ദേശീയ സമ്മേളനങ്ങളും നടന്നുവരുന്നുണ്ട്. പലതും തങ്ങളുടെ സംഘടനാശക്തി തെളിയിക്കുന്നതിന് നടത്തുന്ന സമ്മേളനങ്ങളായി പലരും കാണാറുണ്ട്. ഏതു സമ്മേളനങ്ങളിലും ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ ഉയർത്തികാണിക്കുന്നില്ലായെങ്കിൽ ഇങ്ങനെയുള്ളത് വെറും സംഘടനകളുടെ ശക്തി തെളിയിക്കപ്പെടുന്ന വേദിയായി മാറുകയാണ്. കർത്താവിനു കൊടുക്കപ്പെടേണ്ട മഹത്വം പൊതിഞ്ഞുവെച്ചിട്ടു പ്രസംഗകരേയും, നേതാക്കന്മാരേയും പുകഴ്ത്തിപാടി അവരുടെ പ്രീതി ലഭിപ്പാൻ ഇങ്ങനെയുള്ള വേദികൾ ഉപയോഗിക്കരുത്. കർത്താവിന്റെ മുമ്പിൽ വിലയേറിയ ദാസനും, വിലകുറഞ്ഞ ദാസന്മാരും ഇല്ല. ക്രിസ്തുവിൽ നാം എല്ലാവരും ഒന്നാണ്. ദൈവചനം മാത്രം ശുശ്രൂഷിക്കുന്നവർക്കുവേണ്ടി വേദി ഒരുക്കിക്കൊടുക്കണം. സഭാവിശേഷങ്ങളും പണപ്പിരിവുകളും ചെയ്യേണ്ടവർ മറ്റുവേദികൾ കണ്ടെത്തട്ടെ. ദൈവസഭയുടെ സമ്മേളനങ്ങൾ ഈ വിഷയത്തിൽ വളരെ ഉചിതമായി പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

അനുഗ്രഹിക്കപ്പെട്ടതും കാലത്തിന് അനുസൃതമായ തീം ആണ്. നിന്റെ ദൈവത്തെ എതിരേൽക്കാൻ ഒതുങ്ങികൊൾക എന്നതു! ഈ വാക്യത്തിന്റെ മുമ്പിലുള്ള ഭാഗങ്ങൾ വായിച്ചു എങ്കിലെ ഈ വാക്യത്തിന്റെ പ്രസക്തി തിരിച്ചറികയുള്ളു. ദൈവത്തിൽ നിന്നും പിൻമാറിയ ജനതയോടെ മുന്നറിയിപ്പുകൾ 7 വിധത്തിൽ നൽകുന്നുണ്ട്. (1) പ്രവാസത്തിലേക്കു പോകേണ്ടിവരും (2) സത്യാരാധന വിട്ടു തിരിയുന്ന ജനത്തോട് (3) ക്ഷാമം വരുത്തും എന്നുള്ള മുന്നറിയിപ്പ് (4) വരൾച്ച ഉണ്ടാകും എന്നുള്ള മുന്നറിയിപ്പ് (5) കൃഷിനാശം ഉണ്ടാകും എന്നുള്ള അന്ത്യശാസന (6) മിസ്രയീം ദേശത്തു ആദ്യജാതന്മാരെ സംഹാരം ചെയ്തതുപോലെ നിങ്ങളുടെ യൗവനക്കാർ വാൾകൊണ്ട് കൊല്ലപ്പെടും എന്നുള്ള മുന്നറിയിപ്പ് (7) സോദോം ഗോമോറപോലെ ഒരു കത്തുന്ന കൊള്ളി പോലെ വലിച്ചെടുക്കപ്പെടും എന്നുള്ള ദൂത്. ഇത്രയും കാര്യങ്ങൾ നിങ്ങളോടു ഞാൻ ചെയ്യാൻ ഇരിക്കുന്നതുകൊണ്ട്. യിസ്രായേലേ നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങി കൊൾക എന്നുള്ള ഉപദേശം ദൈവം നൽകുന്നു.

17-ാമത് NACOG സമ്മേളനം എല്ലാരീതിയിലും അനുഗ്രഹമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. ഇതിന്റെ എല്ലാ സംഘാടകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

# A Letter from the Desk of the National Youth Coordinator



**Pastor Santhosh Podimala**
*National Youth Coordinator*

Brothers and sisters in Christ, I would like to extend Christian greetings to you all from me, your National Youth Coordinator. I am greatly honored to lead our youth even as we prepare for our North American Church of God (India) Fellowship on July 19-22, 2012, which will be held in Piscataway, New Jersey.

It is the priority of our national youth program to unite all the young people in the church of God. We hope that this unity will bring our youth together to stand for Christ. We hope that a strong and united youth can usher a reliable backbone for the future of our church and a trustworthy and God-fearing leadership for the church of the future.

For sometime now, the building of a strong youth organization has been ignored by some. This negligence seems to thrive because of the lack of a strong awareness of the culture we bring from Kerala, India and the culture existing in our new homeland, the United States of America. This ignorance is compounded by the growing challenges between the Indian immigrants and those Indians born in the United States, including their children. Moreover, there is fear that living in the United States will bring damage to the spiritual, cultural, physical and natural way of Christian Indian life. For example, there is a fear of losing our way of life, our traditional worship and our sound doctrine. Because of these great challenges many of us are unaware of what to do and how to handle these issues so that our Christian life in the United States will be more productive and meaningful. Because we are not fully addressing these challenges, many of our young people are looking for venues outside of our church and culture to find solid answers. And some young people are tired of this situation. They become inactive in the church and are less interested in spiritual matters. Some young people just continue the status quo with less awareness of the situation and actual need of our church and community.

It is high time for us to be critical of our surrounding. It is high time to discern the significance of keeping our old and tested Christian tradition, and at the same time, understanding the present situation without losing the essence of what is good in the old and what is best in our modern time.

What can we do to support our young people? How can we bridge the old and the new, and find a common ground without losing our Christian essence as "the salt of the earth."

Let me suggest the following: We should limit if not totally overcome our fear by dealing with these challenges. We should not escape or hide from reality. Rather, we should encourage our young people to unite and discuss issues like how to preserve our Indian culture and the core values of our faith that our foreparents have paid with their lives so that we can experience it.

We should be listening without judging. We should be reflecting with openness. We should be exploring together to fellowship and to find solutions. In this way we can continue to connect the core Christian values we have for the next generation to experience.

This year, the youth and the children program are aiming to unite all our young people from all the States in America. We would like to support and encourage our young people to come out from their shells and flourish. We would like them to stand together and inspire and draw us together in Christian unity. God the Father sent His only begotten Son so that people can be saved. God and Christ sent us the Holy Spirit to comfort and guide us. God, Christ and the Holy Spirit were one and united in accomplishing the mission of salvation. As young people, members, and leaders of our church this is our Christian model: To work together for unity and to be active parts of God's mission to save all people of the world. And so we should encourage each other. This is a great time for us to be sensitive to the need of the present generation. This is the time to exert all efforts to defend our faith and to live a godly life. Like Jude, "I should exhort you that each should earnestly contend for the faith which was once delivered unto the saints." (Jude 3)

# സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി ഡാളസ്സിൽ പ്രാർത്ഥന രൂപീകരിച്ചു



17-ാമത് സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി പാസ്റ്റർ സി.എ. ജോസഫിന്റെ നേതൃത്വത്തിൽ ഡാളസ്സിലുള്ള എല്ലാ ദൈവസഭകളേയും സംബന്ധിച്ച് ഒക്ടോബർ 30ന് വൈകിട്ട് 6 മണിക്ക് പ്രാർത്ഥനായോഗം നടന്നു. വൈസ് പ്രസിഡന്റ് സി.എ. ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ റ്റി.തോമസ് ദൈവവചനം ശുശ്രൂഷിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാ ദൈവദാസന്മാരും പ്രാർത്ഥിക്കുകയും സമ്മേളനം വിജയപ്രദമായി തീരുവാൻ വേണ്ട ഒത്താശകൾ നൽകുകയും ചെയ്തു. പാസ്റ്റർ സി.വി. സാമുവേലിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടെ യോഗം പര്യവസാനിച്ചു.

# എന്താണ് നമ്മുടെ ലക്ഷ്യം?





**പാസ്റ്റർ ജോൺസൺ സഖറിയ, ഡാളസ്**

വളരെ നല്ല ഉദ്ദേശങ്ങളോടുകൂടിയാണു നാം പലതിനും തുടക്കം കുറിക്കുന്നത്. എന്നാൽ കാലപ്പഴക്കത്തിൽ നമ്മുടെ ലക്ഷ്യം തെറ്റുമെന്നുള്ളതു പരമാർത്ഥമല്ലേ? ദൈവമക്കളുടെ ഒത്തുചേരൽ ആത്മിക അഭിവൃദ്ധിക്കും സമാശ്വാസത്തിനും വഴിയൊരുക്കിയിരുന്ന ഒരു കാലഘട്ടം നമ്മുടെ പിമ്പിൽ ഉണ്ടായിരുന്നു. സംഗമങ്ങളുടെ സംഘാടകർ ആത്മികർ ആയിരുന്നാലേ ആത്മീകത്തിനു മുൻതൂക്കം കൊടുക്കുന്ന ക്രമീകരണങ്ങൾ ഉണ്ടാവുകയുള്ളു. തനിക്കും തന്റെ അണികൾക്കും മറ്റുള്ളവരുടെ ചിലവിൽ “ വെക്കേഷൻ” ദിനങ്ങളായി കോൺഫറൻസുകളെ തന്ത്രപൂർവ്വം ഒരുക്കിയെടുക്കുന്ന സംഘാടകരുടെ ലക്ഷ്യം തെറ്റിയെന്നു പറയുവാൻ സാധിക്കുകയില്ല. കാരണം അവരുടെ ലക്ഷ്യം അതായിരുന്നു.

സാമ്പത്തികഭാരം വർദ്ധിപ്പിക്കുന്ന പ്രഭാഷകരെ നാം പൂർണമായും ഒഴിവാക്കണം.വിദേശവസ്തുക്കളെ ഇഷ്ടപ്പെടുന്ന നാം വിദേശത്തു വന്നിട്ടും ലക്ഷ്യം വിദേശം തന്നെ. ഐക്യനാടുകളിലെ വിശ്വാസികൾ അടുത്തുവരണമെങ്കിൽ കൊറിയയിൽനിന്നും മറ്റും നാം പ്രസംഗകരെ കൊണ്ടുവരണമെങ്കിൽ നമ്മുടെ നിലവാരമെന്ത്? അവരാരും മറ്റുള്ളവരെ ഇറക്കുമതിചെയ്യുന്നില്ലല്ലോ. നമുക്കു നമുക്കുള്ളവരെ അംഗീകരിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ഇതിന്റെയൊക്കെ ലക്ഷ്യമെന്ത്? ലക്ഷങ്ങൾ ബാങ്കുകളിൽ കുഴിച്ചിട്ടിരിക്കുന്ന പ്രഭാഷകപുംഗവന്മാർ ‘കവർ’ നോക്കാതെ കാൽവറിയെക്കുറിച്ചു പ്രസംഗിക്കുവാന് ബോധവാന്മാർ ആകേണ്ടതിനു സംഘാടകർക്കു എന്നാണോ ലക്ഷ്യബോധം ഉണ്ടാകുന്നത്. കാരണം മറുതുണിക്കു വകയില്ലാതെ ഈ വയലിൽ കയറി കൊയ്തുകൊണ്ടിരിക്കുന്നതൊന്നും പിതൃസ്വത്തല്ലല്ലോ.

ആവേശം കൊള്ളിക്കുന്ന വാക്കുകളും വാകൃങ്ങളും ധൃതിയിൽ പറഞ്ഞു ഒരുകൂട്ടം ബലഹീനവിശ്വാസികളെ ഇളക്കിമറിച്ചനന്തരം പരവേശം പിടിപ്പിക്കുന്ന പ്രഭാഷകകലാകാരന്മാരെ ദൈവസഭയുടെ സ്റ്റേജുകളിൽ കയറ്റുവാൻ പാടില്ല. ദൈവവചനം പ്രസംഗിക്കുന്ന ദൈവദാസന്മാരെ നാം കണ്ടെത്തണം. എങ്കിലേ ജനത്തിനു ബോധവും അനുതാപവും ഉണ്ടാകുകയുള്ളൂ.

കടം ഇല്ലാതിരിക്കെ കടം കടം എന്നു വിലപിക്കുന്ന ഖാജാൻജിയുടെ ലക്ഷ്യം എന്താണ്? മിച്ചംവരുന്ന തുക ചാരിറ്റിയുടെ പേരിൽ വീതം വയ്ക്കുമ്പോൾ ‘പ്യൂരിറ്റിക്കു’ (*purity*) എന്തെങ്കിലും മങ്ങൽ ഏൽക്കുന്നുണ്ടോ? എങ്കിൽ നമ്മുടെ ലക്ഷ്യമെന്ത്?

ദൈവസഭയുടെ കോൺഫറൻസ് എല്ലാറ്റിലും മാതൃകയായിരിക്കണം.നമ്മുടെ ലക്ഷ്യം ശുദ്ധമായിരിക്കണം. ‘ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക’. അതാണല്ലോ നമ്മുടെ ചിന്തയും ലക്ഷ്യവും. നമ്മുടെ ലക്ഷ്യങ്ങളെ ദൈവം വ്യക്തമായി മനസ്സിലാക്കുന്നു. ഏറ്റുവാങ്ങിയ താലന്തുകൾ യജമാനനു ലാഭം ഉണ്ടാക്കേണ്ടതിനായി വ്യാപാരം ചെയ്യാം. കർത്താവു വരുവാൻ താമസിച്ചാൽ നമ്മുടെ കോൺഫറൻസ് ഏറ്റവും അനുഗ്രഹകരമായി നടക്കണം. ആയതിനുവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. ദൈവത്തിന്റെ നാമം മഹത്വപ്പെടണം. അതായിരിക്കട്ടെ നമ്മുടെ ഏക ലക്ഷ്യം.



**നാഷണൽ കമ്മറ്റി 2012**



**ലോക്കൽ കമ്മറ്റി 2012**






**Pastor Mathai Samkutty,**
*National Prayer Co Ordinator*

Someone said, if we pray without ceasing, we have no time to say Amen. I am not suggesting we should not say Amen. It shows the urgency with which we have to approach our prayer life. we know the days are evil. We have no more time to waste. God is going to use the person who is ready and willing to be disturbed for the sake of Calvary and intercede for others. God welcomes you and me to disturb Him with a passion of intercession.

The evil judge in Luke Ch. 18 was uncomfortable because the widow disturbed him. But it is pleasing to our God to approach His throne of grace day and night and disturb Him with our prayers. Ye that make mention of the Lord, keep not silence. And give Him no rest till He establish and make Jarusalem a praise in the earth. ( Isa. 62:6-7 ) God was ashamed of the condition of Jarusalem. It lost its honor and prestige. Who can restore it? Only God who inhabit the praises of His people can restore it. Similarly, the Church is in deep trouble. If God wants to restore it, you and I have to stand in the gap and cry asking him to restore us. Are we willing to pay the price and say, Lord we will not give you rest until you restore us. Lord we need an old fashioned Penecostal revival. We have no survival without a revival. Turn us unto thee oh Lord and we shall be turned, renew our days as of old.(Lam.5:21)

The ordinary prayers will not do. We have to wage a real war against principalities and powers of the darkness. Let us be diturbed so that we can turn back to Him.

May the NACOG 2012 meetings be pleasing to God. May those meetings become instrumental in breaking out a mighty revival smong us. In order to accomplish that, let us pray pray pray....without ceasing. There is no other remedy. May the Lord bless our leadership and all of us.



Dear Brothers and Sisters in Christ,

If God wills and His coming tarries, our 17th NACOG conference will be at the Radisson Hotel in Piscataway, NJ starting on July 19, 2012. New Jersey, also called "The Garden State", is among the many beautiful states in the US and we hope and pray for a spiritual gathering in this Garden State. As we are still waiting for the second coming of our Lord Jesus Christ, we have appropriately selected the theme "Prepare to Meet thy God". As a food coordinator I will try my best to coordinate for the necessary nourishment for our bodies as our spiritual man is also being fed. So I invite everyone to come with a prayerful attitude and be blessed, as we bless one another, and be strengthened both physically and spiritually. May the Lord richly bless you all.

In Christ,
**Abraham Philip(Kuttai)**
Atlanta (Food coordinator)

NORTH AMERICAN CHURCH OF GOD (INDIA) FELLOWSHIP
NACOG Voice

# ആരംഭം ഓർക്കുമ്പോൾ...




**പാസ്റ്റർ സി.എ.ജോസഫ്,**
*വൈസ് പ്രസിഡന്റ്*

17 വർഷങ്ങൾക്കുമുമ്പ് ന്യൂയോർക്കിൽ കോണി ഐലന്റ് എന്ന സ്ഥലത്ത് പാസ്റ്റർ പി.പി.കുര്യന്റെ വസതി ആയിരുന്ന 2985 Ocean Parkway യിൽ വെച്ച് അന്നത്തെ ബോംബേ റീജിയൺ ഓവർസീയറായിരുന്ന പാസ്റ്റർ കെ.എം. തങ്കച്ചന്റെ സാന്നിധ്യത്തിൽ പാസ്റ്റർ സി.എ.ജോസഫ്, ജോസഫ് കുരുവിള, ഡേവിഡ് കുരുവിള, പാസ്റ്റർ പി.പി.കുര്യൻ, പാസ്റ്റർ പി.തോമസ്, പാസ്റ്റർ വി.വി. അലക്സാണ്ടർ, പാസ്റ്റർ ഏബ്രഹാം വർഗീസ്, പാസ്റ്റർ മോനി മാത്യു മുതലായവർ പങ്കെടുത്തവരിൽ പെടുന്നു. പാസ്റ്റർ മത്തായി പി. മത്തായിയുടെ അദ്ധ്യക്ഷതയിൽ അന്നു കൂടിയ മീറ്റിംഗിൽ റീജിയൺ സമ്മേളനങ്ങളുടെ ചിന്തയും, ബോംബേയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന സദ്വാർത്താ പത്രികുടെ വിഷയവും ചർച്ച ചെയ്ത കൂട്ടത്തിൽ ദൈവസഭകളുടെ ഒരു നാഷണൽ സമ്മേളനത്തെപ്പറ്റി ചിന്തിക്കുകയും അതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ പാസ്റ്റർ ഏബ്രഹാം വർഗ്ഗീസിനെ കോർഡിനേറ്ററായി പ്രവർത്തിക്കാൻ അന്നുകൂടിയവർ അഭിപ്രായപ്പെട്ട് തിരഞ്ഞെടുത്തു. അതേത്തുടർന്ന് തന്റെ പ്രവർത്തനഫലമായി ദൈവസഭകളിലെ ദൈവദാസന്മാരേയും സഭകളേയും വിവരം ധരിപ്പിച്ച ശേഷം കൂടിയ ആദ്യത്തെ മീറ്റിംഗാണ് ക്യൂൻസ് ദൈവസഭയിൽവെച്ച് 1993 മാർച്ച് 29–ന് കൂടിയത്. പാസ്റ്റർ പി.തോമസിന്റെ നേതൃത്വത്തിലായിരുന്നു മീറ്റിംഗ് നടന്നത്. അവിടെവെച്ചാണ് നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് (ഇന്ത്യ) ഫെലോഷിപ്പ് എന്ന നാമകരണം ഉണ്ടായത്. ആദ്യത്തെ പ്രസിഡന്റ് പാസ്റ്റർ റ്റി.വി. ജോർജ്ജ് ആയിരുന്നു. ആരംഭത്തെ തുച്ഛീകരിക്കാത്ത ദൈവം 17–ാമതു സമ്മേളനം നടത്തുവാൻ കൃപചെയ്യുന്നതോർത്തു ദൈവത്തെ സ്തുതിക്കുന്നു. ആദ്യത്തെ ആലോചനാ മീറ്റിംഗ് പാസ്റ്റർ പി.പി.കുര്യന്റെ ഭവനത്തിൽ വെച്ചായിരുന്നു എന്നുള്ള വസ്തുത പലർക്കും മറവായിരിക്കുന്നതിനാൽ ഈ കുറിപ്പ് എഴുതുന്നു.

## LADIES EXECUTIVE COMMITTEE


കുഞ്ഞമ്മ മാത്യു (പ്രസിഡന്റ്)


സൂസൻ ബി.ജോൺ (വൈസ് പ്രസിഡന്റ്)


മറിയാമ്മ രാജൻ (സെക്രട്ടറി),


ജയിനമ്മ ഫിലിപ്പോസ് (ട്രഷറാർ)


അച്ചാമ്മ ചാക്കോ (SWR Rep.)


സാലി ബഞ്ചമിൻ (NWR Rep.)

# സഹോദരിമാർക്കുള്ള ഉത്തരവാദിത്വവും കടപ്പാടുകളും മറക്കരുത്

**കുഞ്ഞമ്മ മാത്യു,**
പ്രസിഡന്റ്

പതിനേഴാമതു ദേശീയ സമ്മേളനം ന്യൂജേഴ്സിയിൽ വച്ചു നടക്കുന്ന വിവരം സഹോദരിമാർക്കു അറിവുള്ള വിഷയമാണല്ലോ. ഡാളസിൽ നടന്ന സഹോദരിമാരുടെ മീറ്റിംഗിൽവച്ച് താഴെപ്പറയുന്നവരെ അടുത്ത സമ്മേളനത്തിന്റെ ഭാരവാഹികളായി തിരഞ്ഞെടുത്തു. സഹോദരിമാരായ കുഞ്ഞമ്മ മാത്യു (പ്രസിഡന്റ്), സൂസൻ ബി.ജോൺ (വൈസ് പ്രസിഡന്റ്), മറിയാമ്മ രാജൻ (സെക്രട്ടറി), ജയിനമ്മ ഫിലിപ്പോസ് (ട്രഷറാർ) എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളായും അച്ചാമ്മ ചാക്കോ, സാലി ബഞ്ചമിൻ എന്നിവരെ കമ്മിറ്റിയംഗങ്ങളായും തിരഞ്ഞെടുത്തു.

ആത്മീകവിഷയത്തിൽ സഹോദരിമാർക്കുള്ള പങ്ക് വിലപ്പെട്ടതാണ്. ഉത്തരവാദിത്വവും കടപ്പാടുകളും മറക്കാതെ പ്രവർത്തനത്തിൽ മാതൃകയുള്ളവരായി മുന്നേറണം. തിരുവെഴുത്തിൽ അനേക സ്ത്രീകളെ കാണുവാൻ സാധിക്കും. വിവേകമതിയായ അബീഗയിൽ, സ്വജനത്തെ രക്ഷിച്ച എസ്ഥേർ, പ്രാർത്ഥനയിലൂടെ തീരുമാനവും സ്ഥിരതയുമുള്ള ഹന്നാ മാതൃകാവനിതയായ ശൂനേംകാരി , ദൈവത്തെ അനസരിച്ച ഹാഗാർ, വാഗ്ദത്തത്തെ വിശ്വസിച്ച് പ്രവർത്തിച്ച യോഖേബേദ്, ഉത്തമസ്ത്രീയായ രൂത്ത്, ദൈവത്താൽ ഉയർത്തപ്പെട്ട ലേയാ, സൗഖ്യം പിടിച്ചുപറ്റിയ കനാന്യസ്ത്രീ, വിശ്വാസത്താൽ രോഗസൗഖ്യം പ്രാപിച്ച രക്തസ്രാവക്കാരി, അനുഭവങ്ങൾ പങ്കുവച്ച രോദാ എന്ന ബാല്യക്കാരി, വചനത്തിനായി ഹൃദയം തുറക്കപ്പെട്ട ലൂദിയാ ഇങ്ങനെനീണ്ടുപോകുന്ന പട്ടികയുണ്ട്. നാം ഓരോരുത്തരും ഇതിൽ ആരെപ്പോലെ എന്നു ശോധനചെയ്തു നമ്മുടെ അപാകതകളെ കണ്ടെത്തി ആത്മീകവിഷയത്തിൽ ഉത്സുകരായി മുന്നേറുവാൻ ദൈവം കൃപചെയ്യട്ടെ. 17–ാമതു സമ്മേളനത്തിൽ നിങ്ങൾക്കുള്ള പങ്ക് പ്രാർത്ഥനാ സഹകാരികളായി അനുഗ്രഹത്തിനായി പ്രാർത്ഥനയിൽ മുന്നേറാം. സമ്മേളനത്തിലേക്കു ഏവർക്കും സ്വാഗതം.

# ദൈവസഭയുടെ കുടുംബസമ്മേളനം


**പാസ്റ്റർ രാജൻ ഏബ്രഹാം,**
മീഡിയോ കോർഡിനേറ്റർ

ദൈവഹിതമായാൽ നോർത്തമേരിക്കൻ ദൈവസഭയുടെ 17–ാമത് കുടുംബ സമ്മേളം 2012 ജൂലൈ 19 – 22 വരെ ന്യൂജേഴ്സിയിൽ പിസ്കാറ്റേവ് സിറ്റിയിലുള്ള റാഡിസൺ ഹോട്ടലിവ് വച്ച് നടത്തുവാൻ തീരുമാനമായി. അഭിഷ്ക്തരായ ദൈവദാസ്മാരും, പരിചയസമ്പന്നരായ സമർപ്പണമുള്ള ദൈവമക്കളും ചേർന്നുള്ള നാഷണൽ കമ്മറ്റിയും, ലോക്കൽ കമ്മറ്റിയും ഒന്നിച്ചുകൂടി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്ന ഈ നാളുകളിൽ ദൈവമക്കൾ തന്റെ വരവിനായി ഒരുങ്ങേണ്ടതാകയാൽ "നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കൊൾക" (ആമോസ് 4:12) എന്നതാണ് ചിന്താവിഷയമായി എടുത്തിട്ടുള്ളത്. നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന് തിന്മ ഉപേക്ഷിച്ച് നന്മതന്നെ അന്വേഷിപ്പീൻ, എങ്കിൽ സൈന്യങ്ങളുടെ ദൈവമായ യഹോവ നിങ്ങളോട്കൂടെ ഇരിക്കും എന്ന് പ്രവാചകനായ ആമോസ് യിസ്രായേലിനോട് പ്രവചനാത്മാവിൽ പറഞ്ഞിരിന്നു (5:14) അതല്ലെങ്കിൽ അനേകതരമായ നഷ്ടങ്ങൾ, ആൾ നാശം (90% വരെ) രോഗം, കഷ്ടത, പട്ടിണി, പ്രവാസം, ആരാധനാനഷ്ടം, കൂട്ടായ്മാനഷ്ടം എന്നിവ സംഭവിക്കും. അത് അയ്യോ കഷ്ടം തന്നെയെന്ന് മുന്നറിയിപ്പായി ദൈവം തന്റെ ജനത്തെ അറിയിച്ചിരിക്കുന്നു(ആമോസ് 5:3–18) പാപസംബന്ധമായി നാം ഒരിക്കൽ യേശുവിനോടുകൂടെ മരിച്ചതാണല്ലോ. എങ്കിൽ ഓരോ ദിവസവും നമ്മുടെ ജീവിതത്തിൽ യേശു ജീവിക്കട്ടെ. യേശുവിന്റെ സ്നേഹം, സൗമ്യത, സമാധാനം, പാപക്ഷമ എന്നിവ നമ്മിൽ നിറഞ്ഞുനിൽക്കട്ടെ. സർദ്ദീസിലെ സഭയുടെ ദൂതന് എഴുതുമ്പോൾ കാണിക്കുന്ന മുന്നറിയിപ്പ് ശ്രദ്ധിച്ചാലും. സർദ്ദീസിലെ സഭയിൽ അനേകർ ആരാധനയ്ക്കും, കോൺഫറൻസിലും ഗാനശുശ്രൂഷക്കുമൊക്കെയായി കൂടിവരുന്നുണ്ടെങ്കിലും ജീവിത സാക്ഷ്യമാകുന്ന ഉടുപ്പ മലിനമാകാതെ സൂക്ഷിക്കുന്നവർ ചുരുക്കം പേർ മാത്രമേയുള്ളൂ. (വെളിപാട് 3:4) ജീവിതത്തിൽ ദർശനബോധമുള്ളവരായും വചന പ്രകാരമുള്ള വിശുദ്ധിക്കായും ജീവിതത്തെ സർപ്പിക്കുവാൻ ഈ സമ്മേളനം ഏവർക്കും സാധ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# "Surely God is good"

**(Psalms 73:1)**


**Pastor Joy John**
Troy, MI

Greetings from Troy International Church of God. I have great joy to declare that our God is good. The psalmist declared his theme 'God is good.' Surely God is good to those who are pure in heart. We find the goodness of God reoccurring in the scripture again and again. "For the Lord is good; his mercy is everlasting; and his truth endureth to all generations."

God has to be good; it is his very nature to be good. Because God is good, we receive pardon and forgiveness. Because he is good, he answers our prayers. Any thing that is good comes from God. If it is not from God, it isn't good. Bible reminds us in James 1:17 that "Every good and perfect gift is from above, and cometh down from the Father." God's goodness does not mean that bad things won't happen to us. God is sovereign, and he allows bad things happen to us. Because God is good, He will bring eternal good out of the bad. Romans 8:28 says, "And we know that all things work out for good to them that love God." God's ultimate plan for us is for our good. "For I know the plans that I have for you, declares the Lord, plans to prosper you and not to harm you, plans to give you hope and future (Jeremiah 29:11). The more we know God's goodness, the more we can trust Him. The more we can trust Him, the easier it is for us to put our cares into His hands. Until you settle the fact that God is good and you can trust Him with your life, you are not going to grow in great faith.

My self and our church have experienced the goodness of God in 2011. We have been struggling in our worship service, because of the lack of time and the many restrictions we had, to use the American church, we have been renting. In fact our Sunday worship time was from 8:30 AM to 10:30 AM. The pastor of the church gave us a very hard time and has asked us to leave the building and has asked to find another church or facility for our worship. We have been looking to purchase a church building and we were unable to get enough mortgages from the bank. Finally the pastor of the American Church of God been forced to resign and left the Church. The members of the American Church of God (Troy Church of God) has decided to merge with the Indian Church (Emmanuel Church of God) and the Michigan state overseer and the state council after careful study has appointed me as the pastor of the new church and given the whole church facility to us. The state overseer has commented on our church dedication that "this is the first time in the history of America that American Church had decided to merge with an Indian Church." Hence forth we have changed the name of the new combined church as "Troy International church of God." What an awesome God we serve. Our God is a good God.